# Syro-Malabar Eparchy of St Thomas, the Apostle, Melbourne

**Prot. No. MPL: 120/26/15**

MY LORD MY GOD

## സർക്കുലർ

## നേപ്പാളിലെ പ്രളയബാധിതർക്കൊപ്പം: പ്രാർത്ഥനയുടെയും കാരുണ്യത്തിന്റെയും കരങ്ങൾ നീട്ടാം

ഈശോമിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

കഴിഞ്ഞ ദിവസങ്ങളിൽ നേപ്പാളിൽ ആഞ്ഞടിച്ച അപ്രതീക്ഷിത മിന്നൽ പ്രളയവും ഉരുൾപൊട്ടലും സൃഷ്ടിച്ച വൻ നാശനഷ്ടങ്ങളും ജീവഹാനിയും നാം അതീവ വേദനയോടെയാണ് കണ്ടുകൊണ്ടിരിക്കുന്നത്. നിമിഷനേരം കൊണ്ട് സർവ്വവും നഷ്ടപ്പെട്ട്, കിടപ്പാടമില്ലാതെ, കുടിവെള്ളവും ആഹാരവുമില്ലാതെ ദുരിതക്കയത്തിൽ കഴിയുന്ന ലക്ഷക്കണക്കിന് ജനങ്ങളുടെ ദയനീയാവസ്ഥ ഓരോ വിശ്വാസിയുടെയും മനസ്സിനെ ആഴത്തിൽ സ്പർശിക്കുന്നതാണ്.

നേപ്പാളിലും ടിബറ്റ് അതിർത്തി മേഖലയിലുമുണ്ടായ ശക്തമായ മിന്നൽ പ്രളയത്തിലും ഉരുൾപൊട്ടലിലും വൻ നാശനഷ്ടങ്ങളും ആൾനാശവുമാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. ദുരന്തത്തിൽ സ്ഥിരീകരിച്ച മരണസംഖ്യ 580 ൽ അധികമായി ഉയരുകയും, ഇരുമേഖലകളിലുമായി കാണാതായവരുടെ ആകെ എണ്ണം 2,400 കടക്കുകയും ചെയ്തിട്ടുണ്ട്. കാണാതായവരിൽ കൈലാസ് മാനസസരോവർ തീർത്ഥാടകരും നിർമ്മാണത്തൊഴിലാളികളും ഉൾപ്പെടെ 288 ഇന്ത്യൻ പൗരന്മാരും 35 മുതൽ 39 വരെ ഓസ്ട്രേലിയൻ പൗരന്മാരും ഉൾപ്പെടുന്നുണ്ട്. ദുരന്തബാധിത പ്രദേശങ്ങളിൽ നിന്ന് സൈന്യത്തിന്റെയും ഹെലികോപ്റ്ററുകളുടെയും സഹായത്തോടെ 3,200ലധികം പേരെ ഇതിനകം രക്ഷപ്പെടുത്തിയെങ്കിലും, പ്രതികൂല കാലാവസ്ഥയ്ക്കിടയിലും തിരച്ചിൽ നടപടികൾ തുടരുന്നതിനാൽ അന്തിമ കണക്കുകളിൽ ഇനിയും വ്യത്യാസങ്ങൾ വന്നേക്കാം.

“എന്റെ ഏറ്റവും എളിയ ഈ സഹോദരൻമാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണു ചെയ്തുതന്നത്.” (മത്തായി 25:40) എന്ന തിരുവചനം നമ്മെ ഓർമ്മിപ്പിക്കുന്നത് ക്രിസ്തുസ്നേഹം വാക്കുകളിൽ ഒതുങ്ങാതെ പ്രവൃത്തിപഥത്തിൽ എത്തിക്കണമെന്നാണ്. അയൽക്കാരന്റെ കണ്ണീരൊപ്പുക എന്നത് ഒരു ക്രൈസ്തവന്റെ അനിവാര്യമായ കടമയാണ്. ആപത്തുഘട്ടത്തിൽ ഈ ജനതയോടൊപ്പം നിൽക്കാൻ ലോകമെമ്പാടുമുള്ളവർ ഒന്നിക്കുമ്പോൾ, നമ്മുടെ രൂപതയും ആ കാരുണ്യയാത്രയിൽ മുൻപന്തിയിൽ ഉണ്ടാകേണ്ടതുണ്ട്.

നേപ്പാളിലെ ജനങ്ങളുടെ പുനരധിവാസത്തിനും അടിയന്തര സഹായത്തിനുമായി നമ്മുടെ രൂപത താഴെ പറയുന്ന കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നു:

- **പ്രത്യേക ദിവ്യബലിയും മദ്ധ്യസ്ഥ പ്രാർത്ഥനയും**: ഈ ഞായറാഴ്ച രൂപതയിലെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും മിന്നൽ പ്രളയത്തിൽ ജീവൻ പൊലിഞ്ഞവർക്കായി വിശുദ്ധ കുർബാന സമർപ്പിക്കുകയും, തങ്ങളുടെ കുടുംബാംഗങ്ങളെയും സർവ്വസ്വവും നഷ്ടപ്പെട്ട് കഴിയുന്നവർക്കായി പ്രത്യേക മദ്ധ്യസ്ഥ പ്രാർത്ഥനകൾ നടത്തുകയും ചെയ്യുന്നു

- **രൂപതാ നേപ്പാൾ റിലീഫ് ഫണ്ട്**: ഈ ഞായറാഴ്ചയിലെ പാരീഷ്/ മിഷൻ സൺഡേ കളക്ഷൻ ഈ ഒരു കാര്യത്തിനായി മാറ്റി വയ്ക്കുകയും രൂപതാ കേന്ദ്രത്തിലേക്ക് അയച്ചു തരുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു. അത് കൂടാതെ ആർക്കെങ്കിലും വ്യക്തിപരമായി സഹായിക്കാൻ താല്പര്യം ഉണ്ടെങ്കിൽ രൂപതയുടെ അക്കൗണ്ടിലേക്ക് **(Syro Malabar Eparchy of St Thomas the Apostle: Ac/No: 247851691, BSB: 083347 Reference: Nepal Fund)** നൽകാവുന്നതാണ്. നമ്മുടെ സഹായം നേപ്പാളിലെ കാത്തലിക് ഏജൻസി വഴിയായിരിക്കും കൊടുക്കുന്നത്.

നമ്മുടെ ഒരു നേരത്തെ ത്യാഗവും ചെറിയൊരു പങ്കുവെക്കലും അവിടെ ഒരു കുടുംബത്തിന് ആഹാരവും മരുന്നും സുരക്ഷിതമായ അഭയവുമായി മാറും. ദാരിദ്ര്യത്തിലും പ്രയാസങ്ങളിലും വീണുപോയ ആ സഹോദരങ്ങളെ ചേർത്തുപിടിക്കാൻ വലിയൊരു മനസ്സോടെ മുന്നോട്ടുവരണമെന്ന് എല്ലാവരോടും ഞാൻ ഹൃദയപൂർവ്വം അഭ്യർത്ഥിക്കുന്നു. ദുരിത ബാധിതർക്ക് വേഗത്തിലുള്ള വീണ്ടെടുപ്പും ആശ്വാസവും ലഭിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്, നിങ്ങളുടെ ഉദാരമായ എല്ലാ സന്മനസ്സുകൾക്കും സമൃദ്ധമായ ദൈവാനുഗ്രഹം ആശംസിക്കുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നാമെല്ലാവരോടുംകൂടി ഉണ്ടായിരിക്കട്ടെ ഇപ്പോഴും എപ്പോഴും എന്നേക്കും

മിശിഹായിൽ സ്നേഹപൂർവ്വം,

✠ **ബിഷപ്പ് ജോൺ പനന്തോട്ടത്തിൽ സി.എം.ഐ**
മെൽബൺ രൂപതയുടെ മെത്രാൻ

രൂപതാകാര്യാലയം
മെൽബൺ, 29.08.2026

NB: ഈ സർക്കുലർ 2026 ആഗസ്റ്റ് 30 ഞായറാഴ്ച മെൽബൺ രൂപതയിലെ എല്ലാ പള്ളികളിലും വിശുദ്ധ കുർബാനമദ്ധ്യേ വായിക്കാൻ നല്കപ്പെട്ടത്